# STD - IV

## അദ്ധ്യാപക സഹായി

## പാഠം - ഒമ്പത് തിരുപ്പട്ടം ഭാഗം - ഒന്ന്

### ലക്ഷ്യം

നിത്യപുരോഹിതനായ യേശുവിനാൽ തിരഞ്ഞെടുക്കപ്പെട്ട പുരോഹിതർ യേശുവിനും സഭയ്ക്കും സമൂഹത്തിനുംവേണ്ടി ശുശ്രൂഷ ചെയ്യാൻ സമ്പൂർണമായി സമർപ്പിക്കപ്പെട്ടവരാണ്. അവരെ ശുശ്രൂഷ പൗരോഹിത്യത്തിനു യോഗ്യരാക്കുന്നത് തിരുപ്പട്ടം എന്ന കൂദാശയാണ്. ദൈവജനത്തിനുവേണ്ടി വചനം പ്രഘോഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന പുരോഹിതരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യും.

### പഠനസഹായികൾ

* തിളങ്ങുന്ന കുർബാന എന്ന ഗാനം യൂ-ട്യൂബ് വിഡീയോ.
* വികാരിയച്ചനുമായോ/ഡീക്കനുമായോ തിരുപ്പട്ടം എന്ന കൂദാശയെപ്പറ്റിയും ദൈവവിളി അനുഭവത്തെപ്പറ്റിയും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന് കുട്ടികളുമായി ഒരു അഭിമുഖം.
* വചനം - മർക്കോ. 3:14-15, മർക്കോ. 10:45, ഹെബ്രാ. 5:6

### പാഠത്തിന്റെ ഉള്ളടക്കം

* യേശു നിത്യപുരോഹിതൻ
* ആരാണ് പുരോഹിതൻ
* പുരോഹിതൻ എന്ന വാക്കിനർത്ഥം
* ദൈവജനത്തിൽ നിന്ന്, ദൈവജനത്തിനുവേണ്ടി, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനാണ് പുരോഹിതൻ.
* മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല. ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ.
* പൊതു പൗരോഹിത്യവും ശുശ്രൂഷാ പൗരോഹിത്യവും

### പ്രാർത്ഥന

നിത്യപുരോഹിതനായ യേശുവേ അങ്ങേ വിളി മനസ്സിലാക്കി ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

**ചോദ്യങ്ങൾ**

1. ആരാണ് നിത്യപുരോഹിതൻ
2. അബ്രാഹമിന്റെ കാലത്തു ജീവിച്ചിരുന്ന ഒരു പ്രധാന പുരോഹിതൻ
3. ദൈവജനത്തിൽനിന്ന്, ദൈവജനത്തിനുവേണ്ടി, ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നവൻ ആരാണ്?
4. പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം എന്ത്?
5. പഴയനിയമ പൂർത്തികരണത്തിനായി ആരെയാണ് ദൈവം ലോകത്തിലേക്കയച്ചത്.

# STD - IV

## അദ്ധ്യാപക സഹായി

**പാഠം – ഒമ്പത് തിരുപ്പട്ടം ഭാഗം – രണ്ട്**

### ലക്ഷ്യം

നിത്യപുരോഹിതനായ യേശുവിന്റെ അഭിഷിക്തരായ ഇടവക വികാരിയായ വൈദികൻ ഇടവകജനത്തിന്റെ ആദ്ധ്യാത്മിക പിതാവാണ്. കൂദാശകൾ പരികർമ്മം ചെയ്യുക, ദൈവജനത്തെ വിശുദ്ധീകരിക്കുക, ദൈവജനത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്നതാണ് പൗരോഹിത്യദൗത്യം. ദൈവജനത്തെ ഐക്യത്തിലും സ്നേഹത്തിലും നയിക്കുന്നു. ദൈവത്തിന്റെ അഭിഷിക്തനായ പുരോഹിതനുവേണ്ടി പ്രാർത്ഥിക്കും.

### പഠനസഹായികൾ

* പൗരോഹിത്യ സ്വീകരണത്തിന്റെ ചിത്രങ്ങൾ
* പൗരോഹിത്യ സ്വീകരണത്തിന്റെ വീഡിയോ
* അതിരൂപതയിലെ സെമിനാരി സന്ദർശനം

### പാഠത്തിന്റെ ഉള്ളടക്കം

* ജ്ഞാനസ്നാന സ്വീകരണം വഴി വിശ്വാസികൾക്ക് ലഭിക്കുന്ന പൗരോഹിത്യം
* ദൈവജനത്തിന് ശുശ്രൂഷ ചെയ്യാൻ യേശുവിനാൽ വിളിക്കപ്പെട്ട് അഭിഷേകം ചെയ്യപ്പെടുന്നവരാണ് വൈദികർ.
* പ്രവാചകദൗത്യം
* പൗരോഹിത്യദൗത്യം
* രാജകീയ ദൗത്യം
* പൗരോഹിത്യ സ്വീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ
* ദൈവത്തിന്റെ അഭിഷിക്തനായ പുരോഹിതൻ
* വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന

### പ്രാർത്ഥന

നിത്യപുരോഹിതനായ യേശുവേ, അങ്ങേ ദൈവജനത്തെ ശുശ്രൂഷിച്ചുകൊണ്ടും വചനപ്രഘോഷണം വഴിയും ജീവിതസാക്ഷ്യം കൊണ്ടും അങ്ങേ പൗരോഹിത്യത്തിൽ ഞങ്ങളെയും പങ്കുകാരാക്കാൻ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. ആരാണ് മെത്രാന്റെ സഹകാരി?
2. പുരോഹിതന്റെ പ്രവാചകദൗത്യം എന്താണ്?
3. തിരുപ്പട്ടക്രമത്തിലെ ഏറ്റവും ഉന്നതമായ സ്ഥാനം?
4. തിരുപ്പട്ട കൂദാശയിലെ പ്രധാന ഭാഗം
5. പുരോഹിതന്റെ പ്രധാന ദൗത്യങ്ങൾ എന്തെല്ലാം?